LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ അംഗീകാരം

60(769) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ജൂൺ മാസം മുതൽ നാളിതുവരെ കേരളത്തിൽ പുതുതായി എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കോളേജുകളുടെ തരവും ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സ്വാശ്രയ എഞ്ചിനീയറിങ് കോളേജുകളിലെ 1995-96-ലെ ഫീസ് ഘടന

61(770) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 അദ്ധ്യയന വർഷത്തിൽ കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിങ് കോളേജുകളിലെ ഫീസ് ഘടന എന്തായിരുന്നു ;

(ബി) ഇപ്പോൾ 2010-11 അദ്ധ്യയന വർഷത്തിൽ ഇത്തരം സ്ഥാപനങ്ങളിൽ ഫീസ് ഘടന എങ്ങനെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഫീസ് ഘടനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇത്തരം സ്വാശ്രയ സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നതിനായി നടപ്പാക്കിയ 2006-ലെ സ്വാശ്രയ നിയമം (The Kerala Professional Colleges prohibition of Capitation fee, Regulation of Admission, fixation of non-Exploitative fee and other measures to ensure equity and excellence in preofessional Education) ഇപ്പോൾ സംസ്ഥാനത്ത് പൂർണ്ണ രൂപത്തിൽ പ്രാബല്യത്തിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1995-96 അദ്ധ്യയന വർഷത്തിൽ കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഫ്രീ സീറ്റിൽ 1200 രൂപയും മാനേജ്മെന്റ് സീറ്റിൽ 46800 രൂപയും ആയിരുന്നു വാർഷിക ട്യൂഷൻ ഫീസ്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി&ഇ) പൂർണ്ണരൂപത്തിൽ പ്രാബല്യത്തിലില്ല. ബഹു. ഹൈക്കോടതി വിധി പ്രകാരം ചില വ്യവസ്ഥകൾ അസാധുവാക്കിയിട്ടുണ്ട്. എന്നാൽ ജസ്റ്റിസ് പി. എ. മുഹമ്മദ് അദ്ധ്യക്ഷനായുള്ള അഡ്മിഷൻ സൂപ്രവൈസറി കമ്മിറ്റിയും, ഫ്രീ റെഗുലേറ്ററി കമ്മിറ്റിയും നിലവിലുണ്ട്.

സ്വാശ്രയ മേഖലയിലെ ഫീസ് നിരക്കുകൾ

82(771) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മേഖലയിലെ ഫീസ് നിരക്കുകൾ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഫീസ് നിരക്കുകൾ നിശ്ചയിക്കാൻ സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ ;

(സി) സ്വാശ്രയ മേഖലയിൽ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി നൽകേണ്ടിവരുന്ന മൊത്തം വാർഷിക ഫീസ് ഓരോ കോഴ്സിനും എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ഡി) മാനേജ്മെന്റ് ക്വാട്ടയ്ക്ക് ഓരോ കോഴ്സിനും നിശ്ചയിച്ചിട്ടുള്ള ഫീസ് എത്രയാണ് ;

(ഇ) സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മിടുക്കരായ കുട്ടികൾക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ചെയ്തുകൊടുക്കുന്ന സഹായങ്ങൾ സംബന്ധിച്ച വിശദവിവരം നല്കാമോ ?

ഉത്തരം

(എ) 2011-2012 വർഷത്തെ ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി&ഡി) 2011-2012 വർഷത്തെ ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല. 2010-2011-ലെ ഫീസ് നിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ.-യുടെ ഫീ വേവിയർ സ്കീം നടപ്പിലാക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഈ സ്കീം പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകുന്നുണ്ട്. എസ്.സി./എസ്.റ്റി/ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് അവകാശപ്പെട്ട ഫീസ് ആനുകൂല്യം നൽകുന്നുണ്ട്. സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ബി.പി.എൽ./ താഴ്ന്ന വരുമാനമുള്ള വിദ്യാർത്ഥികൾക്കും, എസ്.ഇ.ബി.സി. വിദ്യാർത്ഥികൾക്കും ഫീസാനുകൂല്യം (കുറഞ്ഞ ഫീ നിരക്ക്) നൽകുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly